പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 2310

20.06.2012-ൽ മറുപടിയ്ക്കു്

**ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ പ്രവൃത്തികൾക്കായി അനുവദിച്ച തുക**

ചോദ്യം

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ പ്രവൃത്തികൾക്കായി എത്ര തുക അനുവദിച്ചിട്ടുണ്ട്; | (എ) ഈ സർക്കാർ അധികാരമേറ്റശേഷം തിരുവിതാംകൂർ ദേവസ്വം ബോർഡിൻെറ കീഴിലുള്ള ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ പ്രവൃത്തികൾക്കായി ദേവസ്വം ബോർഡ് ഫണ്ടിൽ നിന്നും 11,00,00,000/- രൂപ (പതിനൊന്നു കോടി രൂപ) അനുവദിച്ചിട്ടുണ്ട്.<br>മലബാർ ദേവസ്വം ബോർഡ് ബഡ്ജറ്റിൽ 2011-12 സാമ്പത്തിക വർഷം ക്ഷേത്ര ജീർണ്ണോദ്ധാരണ ധനസഹായം അനുവദിക്കുന്നതിനായി 3.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക അനുവദിച്ചു നൽകേണ്ട ക്ഷേത്രങ്ങളുടെ അന്തിമ പട്ടികയ്ക്കു രൂപം നൽകിവരുന്നു. |
| (ബി) പ്രസ്തുത തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (ബി) അടിയന്തിരമായി ക്ഷേത്ര ജീർണ്ണോദ്ധാരണ പ്രവൃത്തികൾ ആവശ്യമുള്ളവയും സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളതുമായ ക്ഷേത്രങ്ങൾക്കാണ് ജീർണ്ണോദ്ധാരണ പ്രവൃത്തികൾക്കായി മലബാർ ദേവസ്വം ബോർഡ് തുക അനുവദിക്കുന്നത്. ഓരോ സാമ്പത്തിക വർഷത്തിലും ക്ഷേത്ര ജീർണ്ണോദ്ധാരണ ധനസഹായം അനുവദിക്കുന്നതിനായി ബോർഡ് അപേക്ഷകൾ ക്ഷണിക്കാറുണ്ട്. ഇപ്രകാരം ഉചിതമാർഗ്ഗേണ നിശ്ചിത മാതൃകയിൽ ബോർഡ് നിഷ്കർഷിച്ച സമയ പരിധിക്കുള്ളിൽ ലഭിക്കുന്ന അപേക്ഷകൾ മലബാർ ദേവസ്വം ബോർഡ് ഏരിയാ കമ്മിറ്റി, മലബാർ ദേവസ്വം ബോർഡ്, ബഹു. ദേവസ്വം വകുപ്പ് മന്ത്രി ചെയർമാനായ മലബാർ ദേവസ്വം ബോർഡ് ഗ്രാൻറ് വിതരണ കമ്മിറ്റി എന്നീ തലങ്ങളിൽ പരിശോധിക്കുകയും ജീർണ്ണോ ദ്ധാരണ ധനസഹായം അനുവദിക്കേണ്ട ക്ഷേത്രങ്ങളുടെ അന്തിമ പട്ടികയ്ക്ക് രൂപം നൽകുകയും ചെയ്യുന്നു. മൊത്തം അനുവദിക്കുന്ന തുകയുടെ 10% മുതൽ 15% വരെ സ്വകാര്യ ക്ഷേത്രങ്ങൾക്കായി മാറ്റിവെക്കാറുണ്ട്. പട്ടികജാതി/ വർഗ്ഗ വിഭാഗം നടത്തിപ്പുകാരായിട്ടുള്ള പൊതു/സ്വകാര്യ ക്ഷേത്രങ്ങൾക്കും മുന്തിയ പരിഗണന നൽകി തുക അനുവദിക്കാറുണ്ട്. |

ദേവസ്വം ബോർഡ് ഉദ്യോഗസ്ഥരുടെ പരിശോധനയിൽ ബോധ്യപ്പെടുന്നതും ക്ഷേത്രോപദേശക സമിതി സമർപ്പിക്കുന്ന അപേക്ഷകളിൽ പരിശോധന നടത്തിയും മുൻഗണനാക്രമമനുസരിച്ചും മേലധികാരികളുടെ അംഗീകാരത്തോടുംകൂടിയാണ് ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ പ്രവർത്തികൾക്കായി തിരുവിതാംകൂർ ദേവസ്വം ബോർഡ് തുക അനുവദിക്കുന്നത്.

| | | | |
|---|---|---|---|
| (സി) | കോഴിക്കോട് ജില്ലയിലെ എത്ര ക്ഷേത്രങ്ങൾക്ക് തുക അനുവദിച്ചിട്ടുണ്ട്; ഏതെല്ലാം ക്ഷേത്രങ്ങൾക്ക് എത്ര തുക വീതം അനുവദിച്ചു എന്നും വ്യക്തമാക്കുമോ ? | (സി) | 2011-2012 വർഷം മലബാർ ദേവസ്വം ബോർഡ് തുക അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ